(സി) 479 അപ്പീലുകൾ സ്റ്റേറ്റ് ഉപദേശക കമ്മിറ്റി മുൻപാകെ വയ്ക്കേണ്ടതായിട്ടുണ്ട്.

(ഡി) 1961 നവംബർ ഒന്നാം ആഴ്ചയിൽ.

(ഇ) പെൻഷൻപറ്റിയ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ വി. കെ. വേലായുധനെ പകരം ആളെ നിയമിക്കുവാനുള്ള കാലതാമസംകൊണ്ടും കേന്ദ്രവാണിജ്യ വ്യവസായ മന്ത്രികാര്യാലയത്തിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. ആർ. പ്രസാദ് സ്റ്റേറ്റ് സർവ്വീസ് ഉപദേശക കമ്മിറ്റിയിൽ മെമ്പറായി തുടരുന്നതിനു കേന്ദ്രഗവണ്മെന്റിന്റെ അംഗീകാരം ലഭിക്കുവാനുള്ള കാലതാമസംകൊണ്ടും മറ്റുമാണ് പിന്നീട് യോഗം കൂടാതിരുന്നത്.

(എഫ്) ഇല്ല.

(ജി) മുൻ ചോദ്യത്തിന്റെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

സർവ്വീസ് ഇൻക്രിമെന്റ് ലിസ്റ്റ്

* 32. [37] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് ഇൻക്രിമെന്റ് ലിസ്റ്റ് അടുത്തുതന്നെ പുതുക്കിയാക്കാൻ ഗവണ്മെന്റ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1964-ാംവർഷം അവസാനിക്കുമ്പോഴേക്കും ഏതെല്ലാം ഡിപ്പാർട്ടുമെന്റുകളിൽ സർവ്വീസ് ഇൻക്രിമെന്റ് പുതുക്കിയാക്കുവാൻ സാധിക്കും ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സർവ്വീസ് സംയോജനം സംബന്ധിച്ചുള്ള അവസാനലിസ്റ്റുകൾ കഴിയുന്നതുംവേഗം പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട സത്വര നടപടികൾ എടുത്തുവരികയാണ്.

(ബി) 1964 അവസാനത്തിൽ ഏതെല്ലാം വകുപ്പുകളുടെ സംയോജന ലിസ്റ്റുകൾ പുതുക്കിയാക്കാമെന്ന് കൃത്യമായി പറയുവാൻ സാദ്ധ്യമല്ല.

ആയുർവ്വേദ ഡിസ്പെൻസറികൾ

* 33. [38] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് സബ്സിഡി കൊടുത്തു നടത്തിവരുന്ന ആയുർവ്വേദ ഡിസ്പെൻസറികൾ എത്രയെണ്ണം ഇപ്പോൾ നിലവിലുണ്ട് ;

(ബി) ഈ ഡിസ്പെൻസറികളിൽ ആവശ്യമായിവരുന്ന മരുന്നുകൾ ഇൻഡന്റ് അനുസരിച്ച് കൃത്യമായി കൊടുത്തുവരുന്നുണ്ടോ ;

(സി) തികയാതെ വരുന്ന മരുന്നുകൾ സ്വന്തമായി തയ്യാർചെയ്തു ഈ ഡിസ്പെൻസറികളിൽവച്ച് വില്പന നടത്താൻ അവിടത്തെ ആര്യവൈദ്യന്മാർക്ക് അനുവാദമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഈ ഡിസ്പെൻസറികൾ അപ്ഗ്രേഡ്ചെയ്തു ആവശ്യമായ മരുന്നുകൾ കാലാകാലങ്ങളിൽ നൽകുവാൻ ഉദ്ദേശമുണ്ടോ ;

(ഇ) ആര്യവൈദ്യന്മാർക്കു നൽകിവരുന്ന സബ്സിഡി പുനഃപരിശോധിക്കാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 42 എണ്ണം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) പ്ലാൻ സ്കീം അനുസരിച്ച് ഓരോ വർഷവും മൂറൽ ഡിസ്പെൻസറി, റ്റ്രൈബൽ ഡിസ്പെൻസറിയായി ഉയർത്താൻ അംഗീകാരമുണ്ട്. ഓരോ ഡിസ്ട്രിക്റ്റിലും പുതിയതായി ഡിസ്പെൻസറികൾ തുറക്കുമ്പോൾ ഈകാര്യത്തിൽ മുൻഗണന കൊടുക്കാവുന്നതാണ്.

(ഈ) തൽക്കാലം ഉദ്ദേശമൊന്നും ഇല്ല.

ഇലക്ട്രിക് ലൈറ്റും വാട്ടർ കണക്ഷനും.

* 34. [40] ശ്രീ. ഈ. പി. ഈപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ ഏരിയ വികസിപ്പിച്ചശേഷം, വികസിപ്പിച്ച പ്രദേശങ്ങളിൽ ഇലക്ട്രിക് ലൈറ്റും വാട്ടർ കണക്ഷനുകളും കൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രദേശങ്ങളിലെല്ലാംതന്നെ ഏറ്റവും വേഗത്തിൽ മേൽപ്പടി കാര്യം പരിഹരിക്കാൻ വേണ്ടപ്പെട്ട അധികാരികൾക്ക് ഉടനടി നിർദ്ദേശം കൊടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ, ബി) ഇല്ല. ഇലക്ട്രിക് ലൈറ്റും വാട്ടർ കണക്ഷനുകളും കൊടുക്കാനുള്ള നടപടികളും എടുത്തുവരുന്നുണ്ട്.

ശമ്പളം ലഭിക്കാത്ത ആശുപത്രി ജീവനക്കാർ.

* 35. [42] ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ സർവ്വീസ് റ്റ്രൈബ്യൂണൽ ചെയ്യാത്തതു കാരണം എത്ര ആശുപത്രി ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകാതെയുണ്ട് ;

(ബി) ഇക്കാര്യത്തെപ്പറ്റി അവരുടെ സംഘടനയിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിക്കു നൽകിയ നിവേദനം സംബന്ധിച്ച് എന്തു നടപടി എടുത്തു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) സർവ്വീസ് റ്റ്രൈബ്യൂണൽ ചെയ്യാത്തതു കാരണം ശമ്പളം ആർക്കും കൊടുക്കാതിരിക്കുന്നില്ല.

(ബി) കണ്ണൂർ ജില്ലയിലെ ചില താൽക്കാലിക ലാവണങ്ങൾക്ക് കണ്ടിന്യുവൻസ് സാംഗ്ഷൻ (Continuance Sanction) കൊടുത്തിരുന്നില്ല. അതിലേക്കുള്ള അനുവാദം 2-9-64-ൽ കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly